പതിമൂന്നാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1056 — 11-02-2016 - ൽ മറുപടി നൽകേണ്ടിയിരുന്നത്

# വിദ്യാഭ്യാസ മേഖലയിലെ സമരങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ജെയിംസ് മാത്യു | : | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഈ സർക്കാർ അധികാരമേറ്റശേഷം വിദ്യാഭ്യാസ മേഖലയിൽ നടന്നിട്ടുള്ള സമരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>ബി) സമരം നടത്തിയവരുമായി ചർച്ച നടത്തിയിരുന്നോ; എന്തെല്ലാം ഉറപ്പുകളാണ് അവർക്ക് നൽകിയിരുന്നത്; | എ) & ബി)<br><br>കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാത്രമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവായ സമരങ്ങളൊന്നും നടന്നിട്ടില്ല. സ്വയംഭരണ കോളേജുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 2014-15 അദ്ധ്യയന വർഷം മഹാരാജാസ് കോളേജിൽ ഒരു വിഭാഗം അദ്ധ്യാപകരും വിദ്യാർത്ഥികളും പ്രതിഷേധസമരം നടത്തുകയും കോളേജ് പൂർണ്ണമായും ഉപരോധിക്കുകയും ചെയ്തു. 06/07/2015 -ന് സമരക്കാരുമായി അഡീഷണൽ ചീഫ് സെക്രട്ടറി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സമരം പിൻവലിച്ചു.<br><br>കോഴിക്കോട് സർവ്വകലാശാലയിൽ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സമരവുമായി ബന്ധപ്പെട്ട് സമരം നടത്തിയിരുന്നു. സമരം നടത്തിയവരുമായി ചർച്ച നടത്തി ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിലെ സ്വാശ്രയ വിദ്യാർത്ഥികൾക്ക് താമസ സൌകര്യമൊരുക്കുന്നതിനും, എല്ലാ ഹോസ്റ്റലുകൾക്കുമായി ചീഫ് വാർഡനെ നിയമിക്കുന്നതിനും, ചീഫ് വാർഡന്റെ കീഴിൽ ഓരോ ഹോസ്റ്റലിലും അസിസ്റ്റന്റ് വാർഡൻമാരെ നിയമിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേരള സർവ്വകലാശാലയുടെ കീഴിലുള്ള 10 ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളുടെ അംഗീകാരം 2014-15 അധ്യയന വർഷം മുതൽ NCTE പിൻവലിച്ചിരുന്നു. ഈ കോളേജുകളുടെ |

| | |
|---|---|
| | അംഗീകാരം പുന:സ്ഥാപിക്കുന്നതിനും അദ്ധ്യാപകരെ പുനർനിയമിക്കുന്നതിനുമായി 64 ദിവസത്തോളം സർവ്വകലാശാല ആസ്ഥാനത്ത് അദ്ധ്യാപകർ സമരം നടത്തുകയുണ്ടായി. സമരം നടത്തിയവരുമായി പ്രോ-വൈസ് ചാൻസിലർ 13/02/2015 -ൽ ചർച്ച നടത്തുകയും അദ്ധ്യാപകർ ഉന്നയിച്ച ആവശ്യങ്ങൾ സിൻഡിക്കേറ്റിന്റെ തീരുമാനത്തിനായി സമർപ്പിച്ച് നടപ്പിലാക്കുക എന്ന വ്യവസ്ഥയിൽ സമരം പിൻവലിക്കുകയും ചെയ്തു.<br>സംസ്കൃത സർവകലാശാലയിൽ, ലൈബ്രറി സമയം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും, ഫെലോഷിപ്പുകളുടെ എണ്ണം പരിമിതപ്പെടുത്തിയതിനെതിരെയും ഗവേഷകർ നടത്തിയ സമരം, ഹോസ്റ്റലിൽ ഒരു പട്ടികജാതി വിദ്യാർത്ഥിനിയ്ക്ക് ഭക്ഷണം നിഷേധിച്ചതായ പരാതി അന്വേഷിക്കണമെന്നാവശ്യപ്പെട്ടുള്ള സമരം എന്നിവയിന്മേൽ വിദ്യാർത്ഥികളുമായി ചർച്ച നടത്തുകയും ലൈബ്രറി സമയം ഒരു മണിക്കൂർ വർദ്ധിപ്പിക്കാനും, ഫെല്ലോഷിപ്പുകളുടെ എണ്ണം പരിമിതപ്പെടുത്തിയ നടപടി പുനഃപരിശോധിക്കുവാൻ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാനും, ഹോസ്റ്റലിൽ ഭക്ഷണം നിഷേധിച്ചു എന്നു പറയുന്ന പരാതി അന്വേഷിക്കുവാൻ ഒരു കമ്മീഷനെ നിയമിക്കുവാനും തീരുമാനിച്ചു.<br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ വർദ്ധിപ്പിച്ച ഹോസ്റ്റൽ ഫീസ് കുറയ്ക്കുന്നതിനായി വിദ്യാർത്ഥികൾ സമരം നടത്തുകയും, വിദ്യാർത്ഥികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഫീസ് കുറയ്ക്കുകയും ചെയ്തു. |
| സി) നൽകിയിരുന്ന ഉറപ്പുകളിൽ ഏതെല്ലാം പാലിക്കാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | സി) എൻ.സി.റ്റി.ഇ. യിൽ നിന്ന് 2015-16 അദ്ധ്യയന വർഷം മുതൽ അംഗീകാരം പിൻവലിച്ച കോളേജുകളുടെ അംഗീകാരം പുന:സ്ഥാപിക്കുകയും തുടർന്ന് 2015-16 വർഷത്തെ ബി.എഡ്. ക്ലാസുകൾ ആരംഭിക്കുകയും നിലവിലുള്ള അദ്ധ്യാപകരിൽ നിന്നും സീനിയോറിറ്റിയും, എൻ.സി.റ്റി.ഇ നിഷ്കർഷിക്കുന്ന വിദ്യാഭ്യാസ യോഗ്യതയും |

| | |
|---|---|
| | ഉള്ളവരെ കരാർ അടിസ്ഥാനത്തിൽ സ്കെയിൽ ഓഫ് പേ നൽകി നിയമിക്കുകയും (സ്പെഷ്യലൈസ്ഡ് കോഴ്സസ് ഒഴികെ) ചെയ്തു.<br>ലൈബ്രറി സമയം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും, സിൻഡിക്കേറ്റ് തീരുമാനപ്രകാരം, ഫെലോഷിപ്പുകളുടെ എണ്ണം പരിമിതപ്പെടുത്തിയ നടപടി പിൻവലിക്കുകയും ചെയ്തു. |
| ഡി) പാലിക്കാൻ കഴിയാതെ പോയ ഉറപ്പുകൾ ഏതെല്ലാമായിരുന്നു; വിശദമാക്കാമോ? | ഡി) എൻ.സി.ടി.ഇ. യിൽ നിലവിലുണ്ടായിരുന്ന 108 അദ്ധ്യാപകരിൽ നിന്നും 20 അദ്ധ്യാപകർക്ക് ഒഴിവുകളുടെ അഭാവംമൂലവും, എൻ.സി.ടി.ഇ. പറയുന്ന വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തതിനാലും പുനർനിയമനം നൽകാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ